## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1330** **31.10.2019 -ൽ മറുപടിയ്ക്ക്**

### കുട്ടികൾക്ക് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്താൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സ്കൂളുകളിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുമ്പോൾ, സ്കൂൾ തലത്തിലുള്ള നൂൺഫീഡിംഗ് കമ്മിറ്റികൾക്ക് പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സംവിധാനമില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇപ്രകാരം വാങ്ങുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നൂൺ ഫീഡിംഗ് കമ്മിറ്റികൾക്ക് അധികാരവും പരിശോധനാ സംവിധാനവും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) യും (ബി) യും<br><br>അവശ്യംവേണ്ട ഗുണമേന്മ പരിശോധനകൾക്ക് ശേഷമാണ് പ്രാദേശിക ക്ഷീരകർഷകരിൽ നിന്നും സഹകരണ സംഘങ്ങൾ പാൽ ശേഖരിക്കുന്നത് എന്നുള്ളതിനാൽ അത്തരത്തിൽ ഗുണമേന്മ ഉറപ്പുവരുത്തപ്പെടുന്നുണ്ട്. പാലിന്റെ ഗുണമേന്മ സംബന്ധിച്ച ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക ക്ഷീരസംഘങ്ങളിൽ നിന്നും പാൽ വാങ്ങുന്നത്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി തികച്ചും വികേന്ദ്രീകൃതമായ രീതിയിലാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഭക്ഷ്യധാന്യം ഒഴികെ എല്ലാ ഭക്ഷ്യവസ്തുക്കളും (പാൽ ഉൾപ്പെടെ) വാങ്ങുന്നത് സ്കൂൾ ഉച്ച ഭക്ഷണ കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ്.<br><br>പാലിന്റെ ഗുണമേന്മ ലാക്ടോമീറ്റർ അടക്കമുള്ള ഉപകരണങ്ങളുടെ സഹായത്തോടെ ക്ഷീര സഹകരണ സംഘങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം സംഘങ്ങളിൽ നിന്നും വാങ്ങുന്ന പാൽ തിളപ്പിച്ചാറ്റിയാണ് കുട്ടികൾക്ക് കുടിക്കാൻ നൽകുന്നത്. ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തിടങ്ങളിൽ മിൽമയുടെ പാൽ വാങ്ങണമെന്ന് പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ